(സി) കെ.എസ്.ആർ.ടി.സി.-യ്ക്ക് മുൻ എൽ.ഡി.എഫ്. ഗവൺമെന്റ് മൊത്തം എന്തുതുക നൽകി; ഇപ്പോഴത്തെ യു.ഡി.എഫ്. സർക്കാർ ഇതുവരെയായി എന്തു തുക നൽകി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇതൊരു നഷ്ടമായി മാത്രം കണക്കാക്കാൻ സാധ്യമല്ല. ജനങ്ങൾക്ക് സേവനം നൽകുക എന്ന ലക്ഷ്യംകൂടി ഇതിലുണ്ട്. കാലാകാലങ്ങളിൽ സർക്കാരിന്റെ സാമ്പത്തികസ്ഥിതി അനുസരിച്ച് കെ.എസ്.ആർ.ടി.സി.-യെ സഹായിക്കുന്നുണ്ട്.

(സി) ബഡ്ജറ്റ് വഴി എൽ.ഡി.എഫ്. സർക്കാർ 21.50 കോടി രൂപയും യു.ഡി.എഫ്. സർക്കാർ ഇതുവരെ 20.25 കോടി രൂപയും നൽകിയിട്ടുണ്ട്. ഇതിനുപുറമെ ഈ സർക്കാർ 20 കോടി രൂപ കെ.എസ്.ആർ.ടി.സി.-യ്ക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സിറ്റി സർവ്വീസ് മെച്ചപ്പെടുത്തുവാൻ നടപടി

53 [540] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന മേഖലയിലെ സിറ്റി സർവ്വീസ് സംവിധാനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് പഠനം നടത്താൻ നടപടി സ്വീകരിക്കുമോ;

(ബി) സിറ്റി സർവ്വീസ് ബസ്സുകൾ പുതിയ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ദീർഘിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സിറ്റി സർവ്വീസുകൾക്കായി എത്ര മിനി ബസ്സുകൾ അനുവദിച്ചിട്ടുണ്ട്;

(ഡി) നഗരത്തിലെ ഡിപ്പോകൾക്ക് എത്ര മിനി ബസ്സുകളാണ് പുതുതായി അനുവദിക്കുന്നതെന്ന് അറിയിക്കാമോ;

(ഇ) മിനി ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തലസ്ഥാന നഗരിയിലെ ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് വിശദമായി പഠിക്കുകയുണ്ടായി. ഇതിന്റെ വെളിച്ചത്തിൽ കൂടുതൽ സൗകര്യങ്ങൾ ഉള്ള ലോഫ്ലോർ ബസ്സുകൾ നിരത്തിലിറക്കുകയുണ്ടായി. ഇത് കൂടാതെ 150-ഓളം പുതിയ ബസ്സുകൾ ഉപയോഗിച്ചു അനന്തപുരി ഫാസ്റ്റ് എന്ന പേരിൽ സർവ്വീസുകൾ ആരംഭിക്കാൻ തീരുമാനിച്ചുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) യാത്രക്കാരുടെ ആവശ്യം പരിഗണിച്ചു പുതിയ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് സിറ്റി ബസ്സുകൾ നീട്ടുന്നകാര്യം പരിഗണിക്കുന്നുണ്ട്.

(സി) 38 മിനി ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

(ഡി) പുതിയ ബസ്സുകൾ വാങ്ങുമ്പോൾ യാത്രക്കാരുടെ ആവശ്യം പരിശോധിച്ചു എണ്ണം തിട്ടപ്പെടുത്തുന്നതാണ്.

(ഇ) തൽക്കാലം നിർവ്വാഹമില്ല.

കോഴിക്കോട്ടുനിന്നുള്ള അന്തർ സംസ്ഥാന ബസ് സർവ്വീസ്

54 [541] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന ബസ് റൂട്ടുകൾ സംബന്ധിച്ച് കർണ്ണാടക ഗവൺമെന്റുമായി അവസാന ചർച്ച നടത്തിയത് എന്നാണ് എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ ചർച്ചയിൽ കൈക്കൊണ്ട തീരുമാനത്തിന്റെ മിനിറ്റ്സ്, നടപടി സംബന്ധിച്ച രേഖ എന്നിവ ലഭ്യമാക്കുമോ;

(സി) കോഴിക്കോട്നിന്ന് അത്തോളി, കുറ്റ്യാടി, മാനന്തവാടി, ബാലവി വഴി മൈസൂരിലേയ്ക്കും ബാംഗ്ലൂരിലേക്കും പുതിയ ബസ് സർവ്വീസുകൾ നടത്തുവാൻ എന്തെങ്കിലും നിർദ്ദേശം ഈ ചർച്ചയിൽ ഉണ്ടായിട്ടുണ്ടോ;

(ഡി) ഈ റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 9-10-2003-ൽ.

(ബി) മിനിറ്റ്സിന്റെ കോപ്പി അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇല്ല.

(ഡി) പരിഗണനയിൽ ഉണ്ട്.

കായംകുളം-മധുര സർവ്വീസ്

55 [542] ശ്രീ. എം. എം. ഹസ്സൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്തുനിന്ന് പുനലൂർ വഴി മധുരയ്ക്ക് കെ.എസ്.ആർ.ടി.സി. ഒരു അന്തർ സംസ്ഥാന സർവ്വീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആവശ്യം അംഗീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly